**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2657** | **02-08-2021 - ൽ മറുപടിയ്ക്ക്**

**വടക്കേക്കളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ സർക്കാർ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് കൊടുക്കുന്നതിനായി ഭൂമിയുടെ പ്ലോട്ടിംഗ് ഉൾപ്പെടെ പൂർത്തീകരിച്ചിരുന്ന വടക്കേക്കളം പ്ലാന്റേഷൻ ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | തലപ്പിള്ളി താലൂക്കിലെ വടക്കേക്കളം പ്ലാന്റേഷൻ പേരിലുള്ള മിച്ചഭൂമിക്കേസിൽ 73.73 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിരുന്നു. എന്നാൽ ഈ ഭൂമിയിൽ CRP(LR)44/2013, WP(C)12210/2014 കേസുകളും സ്റ്റേയും നിലനിൽക്കുന്നതിനാൽ ഈ ഭൂമി പതിച്ച് നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | മനവക, കാണം, വെറുംപാട്ടം എന്നീ വിഭാഗങ്ങളിലുള്ള ഭൂമി ജന്മമാക്കി മാറ്റാൻ സമർപ്പിച്ച മുപ്പതിനായിരത്തോളം അപേക്ഷകൾ തലപ്പിള്ളി താലൂക്കിൽ കെട്ടിക്കിടക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മനവക, വെറുംപാട്ടം എന്നീ വിഭാഗങ്ങളിലുള്ള അപേക്ഷകൾ തീർപ്പാക്കാനുണ്ട്. എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (സി) | ഈ സാഹചര്യം മൂലം സ്വന്തം പേരിലുള്ള ഭൂമിയുടെ നികുതി അടക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കുടിയായ്മ അവകാശമായി ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന എല്ലാ കുടിയാന്മാർക്കും ഭൂനികുതി അടക്കുന്നതിന് നിയമപരമായി യാതൊരു തടസ്സവുമില്ല. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം 72(എസ്) വകുപ്പ് പ്രകാരം കുടിയാന്മാരാണ് ഭൂനികുതി അടക്കേണ്ടത്. |
| (ഡി) | ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വിശദീകരിക്കാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ